15 -ാം കേരള നിയമസഭ

2 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4385 — 09-08-2021 - ൽ മറുപടിയ്ക്ക്

## ജില്ല പൈതൃക മ്യൂസിയങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത്,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. എ. രാജ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | Shri Ahammad Devarkovil<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | പുരാവസ്തു വകുപ്പിന് കീഴിലുള്ള പുരാവസ്തു മ്യൂസിയങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; ഓരോ ജില്ലയുടെയും പ്രത്യേകമായ പൈതൃകം കാത്ത് സൂക്ഷിക്കുന്നതിനായി എല്ലാ ജില്ലകളിലും ജില്ലാ പൈതൃക മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) | (എ) കേരള പുരാവസ്തു വകുപ്പിന് കിഴിലുള്ള പുരാവസ്തു മ്യൂസിയങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. . 1. പത്മനാഭപുരം കൊട്ടാരം, തക്കല, തമിഴ്‌നാട് 2.കോയിക്കൽ കൊട്ടാരം, നെടുമങ്ങാട് 3. കൊട്ടാരക്കര തമ്പുരാൻ മ്യൂസിയം 4. വേലുത്തമ്പി ദളവ മ്യൂസിയം, മണ്ണടി 5. കൃഷ്ണപുരം കൊട്ടാരം, കായംകുളം 6. ഹിൽ പാലസ് മ്യൂസിയം, തൃപ്പൂണിത്തുറ 7. ശക്തൻ തമ്പുരാൻ മ്യൂസിയം, തൃശ്ശൂർ 8. പഴശ്ശിരാജാ മ്യൂസിയം, കോഴിക്കോട് 9. കുഞ്ഞാലി മരക്കാർ സ്മാരക മ്യൂസിയം, വടകര 10. ചുവർ ചിത്രകലാ മ്യൂസിയം (ജില്ലാ പൈതൃക മ്യൂസിയം ) തൃശ്ശൂർ 11. പഴശ്ശികുടീരം മ്യൂസിയം, വയനാട് മേൽപ്പറഞ്ഞവ കൂടാതെ വകുപ്പിന് കീഴിലുള്ള താഴെ പറയുന്ന ജില്ലാ പൈതൃക മ്യൂസിയങ്ങളും സ്മാരക മ്യൂസിയങ്ങളും സന്ദർശകർക്കായി തുറന്നു നൽകിയിട്ടുണ്ട്. 1. ജില്ലാ പൈതൃക മ്യൂസിയം, പാലക്കാട് 2. ജില്ലാ പൈതൃക മ്യൂസിയം, ഇടുക്കി 3. ജില്ലാ പൈതൃക മ്യൂസിയം, എറണാകുളം 4. ഗാന്ധി സ്മൃതി മ്യൂസിയം, പയ്യന്നൂർ ഓരോ ജില്ലയിലും അതാതു ജില്ലയുടെ തനതു പൈതൃകം കാത്തുസൂക്ഷിക്കുന്നതിനായി വകുപ്പ് ജില്ലാ പൈതൃക മ്യൂസിയങ്ങൾ സജ്ജീകരിച്ചു വരുന്നു. വയനാട്, മലപ്പുറം, തിരുവനന്തപുരം എന്നി ജില്ലകളിൽ മ്യൂസിയങ്ങളുടെ സജ്ജീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ശേഷിക്കുന്ന ജില്ലകളിൽ സ്ഥലം ലഭ്യമാകുന്ന മുറക്ക് പൈതൃക മ്യൂസിയങ്ങൾ ആരംഭിക്കുന്നതാണ്. |
| (ബി) | പുരാവസ്തു വകുപ്പിന് കീഴിലുള്ള സംരക്ഷിത സ്മാരകങ്ങളുടെ സംരക്ഷണ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടോ; ആയതിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തികൾ | (ബി) | പുരാവസ്തു വകുപ്പിന് കീഴിലുള്ള സംരക്ഷിത സ്മാരകങ്ങളുടെ സംരക്ഷണ പ്രവൃത്തികൾ വകുപ്പിന്റെ ഘടനാ സംരക്ഷണ വിഭാഗമാണ് നടത്തിവരുന്നത്. ഒരു സ്മാരകത്തിനെ വകുപ്പ്, 1968 ലെ കേരള |

| | | | |
|---|---|---|---|
| | എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | | പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട നിയമ പ്രകാരം സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുമ്പോൾ, പ്രസ്തുത സ്മാരകം എപ്രകാരമാണോ അതേ അവസ്ഥയിൽ സംരക്ഷിച്ച് നിലനിർത്തുകയാണ് വകപ്പിന്റെയും പ്രത്യേകിച്ച് ഘടനാസംരക്ഷണ വിഭാഗത്തിന്റെയും പ്രധാന ധർമ്മം. ഓരോ സംരക്ഷിത സ്മാരകത്തിനും സംരക്ഷണം ആവശ്യമായിവരുന്ന സന്ദർഭങ്ങളിലാണ് സംരക്ഷണ ജോലികൾ നടത്താറുള്ളത്. ജീർണ്ണാവസ്ഥയിലേക്ക് മാറിക്കൊണ്ടിരുന്ന സംരക്ഷിത സ്മാരകങ്ങളിൽ സംരക്ഷണ പ്രവൃത്തികൾ നടത്തി പൂർവ്വസ്ഥിതിയിലാക്കുന്നത് വകപ്പിന്റെ ഒരു തുടർ പ്രവർത്തിയാണ്. നിലവിൽ 185 സംരക്ഷിത സ്മാരകങ്ങളുണ്ട്. ഓരോ സ്മാരകത്തിലും പ്രവൃത്തികൾ ആരംഭിച്ചാൽ നിശ്ചിതസമയത്തിനകം ആയത് പൂർത്തിയാക്കുന്നതിന് വകുപ്പ് ശ്രദ്ധിക്കാറുണ്ട്. |
| (സി) | പുരാവസ്തു മ്യൂസിയങ്ങളും പൈതൃക മ്യൂസിയങ്ങളും കാലോചിതമായി വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (സി) | പുരാവസ്തു മ്യൂസിയങ്ങളും പുതിയതായി സജ്ജീകരിക്കുന്ന പൈതൃക മ്യൂസിയങ്ങളും കാലോചിതമായി വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വകുപ്പ് ഏറ്റെടുത്ത് നടത്തുന്നുണ്ട്. ഇതിൽ മ്യൂസിയങ്ങളുടെയും ഗ്യാലറികളുടെയും നവീകരണം, ആവശ്യമായ ഇടങ്ങളിൽ ഡിജിറ്റൽ സംവിധാനങ്ങൾ ഏർപ്പെടുത്തൽ, സന്ദർശകർക്ക് ആധുനിക രീതിയിലുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്നിവയ്ക്ക് പ്രാധാന്യം നൽകിയാണ് പദ്ധതികൾ നടപ്പാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ